LIBRARY ARCHIVES Kerala Legislative Assembly

കർഷകരുടെ ആത്മഹത്യ

137 [94] *ശ്രീ. കെ. കെ. ജയചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2005 മേയ് 31 വരെ എത്ര കർഷകർ കടക്കെണിയിൽപ്പെട്ട് ആത്മഹത്യ ചെയ്തിട്ടുണ്ട്;

(ബി) ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) ഇവരുടെ എണ്ണം കണക്കാക്കുന്നതിന് സ്വീകരിച്ച സംവിധാനമെന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ... (സി) വിവരം ശേഖരിച്ചു വരുന്നു.

സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന കൂട്ടആത്മഹത്യകൾ

138 [95] *ശ്രീ. യു. സി. രാമൻ:*

,, കെ. എൻ. എ. ഖാദർ:

,, പി. കെ. അബ്ദുറബ്ബ്:

,, ഇസ്ഹാക് കുരിക്കൾ:

,, നാലകത്ത് സൂപ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പല സ്ഥലത്തും കുടുംബങ്ങളിൽ കൂട്ട മരണവും ആത്മഹത്യയും വർദ്ധിക്കുന്നതായുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവയ്ക്കിടയാക്കുന്ന സാഹചര്യങ്ങൾ എന്തൊക്കെയാണ്; ഇതിന് ഇപ്പോഴത്തെ സാമൂഹ്യ വ്യവസ്ഥയിലുള്ള എന്തെങ്കിലും അപാകതകൾ കാരണമായിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(സി) ഇത്തരം കൂട്ട ആത്മഹത്യകൾ ഉണ്ടാകാതിരിക്കാൻ എന്തെങ്കിലും പരിശ്രമം സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ചില സ്ഥലങ്ങളിൽ കൂട്ടമരണവും ആത്മഹത്യകളും നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കൂട്ട ആത്മഹത്യകൾക്ക് പ്രധാനമായും മാനസിക പ്രശ്നങ്ങളും കടബാദ്ധ്യതകളും മാരകമായ രോഗങ്ങളും കുടുംബ പ്രശ്നങ്ങളും കാരണമാകാറുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) 'സി' യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

കടക്കെണിമൂലം ആത്മഹത്യ ചെയ്ത കർഷകർ

139 [96] *ഡോ. തോമസ് ഐസക്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടക്കെണിമൂലം ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങൾക്ക് ആശ്വാസം നൽകുന്നത് സംബന്ധിച്ച് ആന്റണി സർക്കാരിന്റെ കാലത്ത് കർഷക സംഘടനകളുമായി നടത്തിയ ചർച്ചയുടെ വിശദാംശം വ്യക്തമാക്കാമോ;

(ബി) ഈ ചർച്ചയുടെ അടിസ്ഥാനത്തിൽ പ്രസ്തുത കുടുംബങ്ങൾക്കും കർഷകർക്കും പ്രഖ്യാപിച്ചതും വിതരണം ചെയ്തതുമായ ആനുകൂല്യങ്ങൾ എന്തെല്ലാമാണ്;

(സി) ആത്മഹത്യ ചെയ്ത കർഷകരുടെ എണ്ണം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഡി) ഇവരുടെ എണ്ണം കണക്കാക്കുന്നതിന് സ്വീകരിച്ച സർക്കാർ സംവിധാനങ്ങൾ എന്തൊക്കെയാണ് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) & (ബി) കാർഷിക മേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി മുൻ മുഖ്യമന്ത്രി കർഷക സംഘടനകളുമായി ചർച്ച നടത്തിയിരുന്നു. പ്രസ്തുത യോഗത്തിൽ തീരുമാനം ഒന്നും എടുത്തതായി അറിയില്ല. എന്നാൽ സംസ്ഥാനത്ത് കാർഷിക വായ്പയെ തുടർന്നുള്ള കടക്കെണിമൂലം ആത്മഹത്യ ചെയ്ത 218 കർഷകരുടെ കുടുംബങ്ങൾക്ക് 50,000 രൂപ വീതം സർക്കാർ അടിയന്തിര ധനസഹായം അനുവദിച്ചു. കൂടാതെ വരൾച്ചയും വിലത്തകർച്ചയുംമൂലം കഷ്ടപ്പെടുന്ന

LIBRARY ARCHIVES Kerala Legislative Assembly